ISSN 0974-1984
MLA Index Number 11354

# മലയാളം റിസേർച്ച് ജേണൽ
# MALAYALAM RESEARCH JOURNAL

15 പ്രസാധനത്തിന്റെ
15-ാം വർഷം

## ഫോക്‌ലോർ
## വർത്തമാനവും ഭാവിയും



U.G.C.-CARE listed, Peer-reviewed Journal
Volume 15 • Issue 1 • January-April 2022

42

# മലയാളം റിസേർച്ച് ജേണൽ

# MALAYALAM RESEARCH JOURNAL

വാല്യം 15 • ലക്കം 1 • ജനുവരി-ഏപ്രിൽ 2022

*ഇഷ്യു എഡിറ്റർ:*

**ജോബിൻ ജോസ്**

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,

ദേവമാതാകോളജ്, കുറവിലങ്ങാട്

*പ്രസാധകർ:*

**ബെഞ്ചമിൻ ബെയിലി ഫൗണ്ടേഷൻ**

# ഉള്ളടക്കം/ Contents


| | | |
|---|---|---|
| ആമുഖം | 5547 | ജോബിൻ ജോസ് |
| ഫോക്‌ലോർ: വർത്തമാനവും ഭാവിയും | 5550 | രാഘവൻ പയ്യനാട് |
| ഫോക്‌ലോർ: ജനുസ്സുകളുടെ പുനർനിർണയനം | 5586 | കെ.എം. ഭരതൻ |
| ഫോക്‌ലോറും സംസ്കാരപഠനവും | 5601 | അനിൽ കെ.എം. |
| ഫോക്‌ലോറും വംശീയപഠനവും | 5618 | എം. ശ്രീനാഥൻ |
| ഫോക്‌ലോറും പ്രകടനകലയും | 5635 | ജോളി പുതുശ്ശേരി |
| ഫോക്‌ലോറും ജനപ്രിയ സംസ്കാരവും | 5655 | ഹാഷിക് എൻ.കെ. |
| ഫോക്‌ലോറും മാധ്യമങ്ങളും | 5670 | ലാൽമോഹൻ പി. |

*മലയാളം റിസേർച്ച് ജേണൽ*
യു.ജി.സി.-കെയർ അംഗീകൃത ജേണൽ
ഐ.എസ്.എസ്.എൻ. 0974 1984
ആർ.എൻ.ഐ. നം. കെ.ഇ.ആർ.ബി.ഐ.എൽ. 2008/24527
എം.എൽ.എ. ഇൻഡക്സ് നമ്പർ 11354
എൽ.സി.സി.എൻ. 2013 318190
വാല്യം 15 ലക്കം 1 ജനുവരി-ഏപ്രിൽ 2022, പു. 5601-5617

**അനിൽ കെ.എം.**

# ഫോക്‌ലോറും സംസ്കാരപഠനവും

**സംഗ്രഹം**

ഫോക്‌ലോർ പഠനം വലിയ പ്രതിസന്ധി നേരിടുന്ന സന്ദർഭമാണിത്. ആഗോളതലത്തിൽത്തന്നെ പല ഫോക്‌ലോർ പഠനവകുപ്പുകളും അടച്ചുപൂട്ടി. പലതും പേരുമാറ്റി പ്രവർത്തിക്കുന്നു. പ്രസാധനരംഗത്തും ശ്രദ്ധേയമായ ചലനങ്ങളൊന്നും കാണാനില്ല. ഇന്ത്യപോലെയുള്ള രാജ്യങ്ങളിൽ രാഷ്ട്രീയത്തിന്റെ അരങ്ങ് വാഴുന്നത് ഇപ്പോഴും പാരമ്പര്യജീവിതമാണ്. എന്നിട്ടും പാരമ്പര്യജീവിതത്തെക്കുറിച്ച് പഠിക്കുന്ന ഇന്ത്യൻ ഫോക്‌ലോർ പഠനത്തിന് വലിയ തോതിൽ മുന്നേറാൻ കഴിഞ്ഞിട്ടില്ല. ഈ അവസ്ഥയെ വിശദീകരിക്കാൻ ശ്രമിക്കുന്ന പ്രബന്ധമാണിത്. ഫോക്‌ലോർ പഠനം അന്തർവൈജ്ഞാനികമായിത്തീരുകയും സാംസ്കാരിക വിമർശനത്തിനുള്ള കരുത്ത് നേടുകയും ചെയ്യുമ്പോൾ മാത്രമേ അതിന് സമകാല ധൈഷണിക സാഹചര്യത്തിൽ അതിജീവിക്കാനാകൂ എന്നാണ് ഈ പ്രബന്ധം സമർഥിക്കുന്നത്.

അനിൽ കെ.എം., പ്രൊഫസർ, താരതമ്യ-വിവർത്തന പഠനവിഭാഗം,
തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല

മലയാളം
റിസേർച്ച് ജേണൽ
വാല്യം 15 ലക്കം 1
ജനുവരി-ഏപ്രിൽ 2022

സംസ്കാരപഠനവും സാംസ്കാരികവിമർശനവും, ഏജൻസി, അന്തർവൈജ്ഞാനികത, എത്നോഗ്രഫി

## "Folklore and Cultural Studies"

**Abstract**

Folklore study is facing an unprecedented crisis now. Many folklore departments were closed globally. Some have even changed their names. Even the publication domain of folklore remain rather static. This study is an attempt to address the Indian folklore studies that study about tradition which lacks a progress. The folklore study would survive the present intellectual conditions only if it becomes interdisciplinary and attain the capacity for cultural criticism.

**Keywords**

Cultural study and cultural criticism, Agency, Interdisciplinary, Ethnography

**ഒന്ന്**

സർവകലാശാലകളിലെ പഠനഗവേഷണപ്രവർത്തനങ്ങൾക്ക് മുൻപൊന്നുമില്ലാത്തവിധം പ്രതിരോധ സ്വഭാവം കൈവരിക്കാൻ കഴിഞ്ഞ ഒരു സന്ദർഭമാണിത്. ഇത്തരമൊരു സാഹചര്യമൊരുക്കുന്നതിൽ വിമർശനാത്മക സംസ്കാരപഠനം വഹിച്ച നേതൃത്വപരമായ പങ്കിനെ കുറച്ചു കാണാനാകില്ല. പിതൃമേധാവിത്തം, സെക്സിസം, വംശീയത, മുതലാളിത്തചൂഷണം, ഭരണകൂടഭീകരത എന്നിവയുടെയൊക്കെ സൂക്ഷ്മ പ്രയോഗങ്ങളെ ചോദ്യം ചെയ്യാനുള്ള കരുത്ത് അക്കാദമിക ഗവേഷണം നേടിയിരിക്കുന്നു. ഇത് സാധ്യമാക്കിയതിൽ സംസ്കാരപഠനത്തിന് വലിയ സ്ഥാനമുണ്ട്. ഓരോ വ്യക്തിയും ആവിഷ്കരിക്കുന്ന സാമൂഹികസ്വത്വത്തെ വിമർശനാത്മകമായി അപഗ്രഥിക്കുമ്പോൾത്തന്നെ വ്യക്തികളുടെ വിമോചനശേഷിയെ അത് കണ്ടെത്താൻ ശ്രമിക്കുന്നു. യൂറോപ്പിൽ 1960-70 കാലത്താണ് ഈ വിഷയത്തിന്റെ അത്ഭുതപൂർവമായ വളർച്ചയുണ്ടായത്. ഇ.പി. തോംസന്റെ *The Mak-*

*ing Of English Working Class*, ഹൊഗ്ഗാർട്ടിന്റെ *The Uses of Literacy*, റെയ്മണ്ട് വില്യംസിന്റെ *Culture and Revolution, The Long Revolution* എന്നീ പുസ്തകങ്ങളെല്ലാം പുറത്തിറങ്ങുന്നത് ഈ കാലത്താണ്. തൊഴിലാളി വർഗത്തിന്റെ ജീവിതാവസ്ഥകളെ ഗൗരവമായി പഠിക്കുക എന്നതായിരുന്നു ഈ കൃതികളുടെ പൊതുസ്വഭാവം. ഔപചാരികപഠനത്തിന്റെ വെളിയിൽ നിന്നിരുന്ന ജീവിതപരിസരങ്ങളെ പഠനത്തിന്റെ മേഖലയിലേക്ക് കൊണ്ടുവന്നതാണ് സാംസ്കാരിക പഠനത്തിന്റെ സവിശേഷത. തൊഴിലാളികളുടെ ജീവിതത്തിന്റെ ഭാഗമായ ജനപ്രിയ സംസ്കാരം പഠനവിഷയമാകുന്നത് അങ്ങനെയാണ്. അമേരിക്കയിൽ ഉണ്ടായിവന്ന നവചരിത്രവാദത്തിന് യൂറോപ്പിൽ വലിയതോതിൽ ആരാധകരുണ്ടായിരുന്നില്ല. കാരണം അക്കാലമായപ്പോഴേക്കും സംസ്കാരപഠനം അത്തരം അജണ്ടകളൊക്കെ യൂറോപ്പിൽ ഏറ്റെടുത്തു കഴിഞ്ഞിരുന്നു. സാഹിത്യത്തിലെ കാനോനീകരണത്തെ സംസ്കാര പഠനം അസ്ഥിരപ്പെടുത്തിയതോടെ ഫെമിനിസംപോലുള്ള വിമർശപദ്ധതികൾക്ക് അരങ്ങത്ത് വരാൻ കഴിഞ്ഞു. ലിംഗപദവി, വംശീയത തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങൾ വരുന്നതും ഇതിന്റെ തുടർച്ചയിലാണ്.

എന്നാൽ സംസ്കാരപഠനത്തിന്റെ രാഷ്ട്രീയ ജാഗ്രത നഷ്ടപ്പെടുന്ന സന്ദർഭങ്ങളും കുറവായിരുന്നില്ല. സംസ്കാരപഠനത്തിൽനിന്ന് സംസ്കാരവിമർശനത്തിലേക്കുള്ള പരിണാമത്തെക്കുറിച്ച് കാതറിൻ ബെൽസി സൂചിപ്പിക്കുന്നത് ഇത്തരം ഒരവസരത്തിലാണ് (Belsy 2003: 19-29). സംസ്കാരപഠനം വിട്ടുകളഞ്ഞ മേഖലകളിലേക്ക് ശ്രദ്ധ തിരിക്കാനാവശ്യപ്പെട്ടുകൊണ്ടാണ് ബെൽസി ഇക്കാര്യം സൂചിപ്പിക്കുന്നത്. സംസ്കാരപഠനത്തിന്റെ ജനപ്രിയതയെ ബൽസി സംശയത്തോടെ വീക്ഷിക്കുന്നു. ജനപ്രിയത പ്രീണനത്തിലേക്കും ആത്യന്തികമായി യാഥാസ്ഥിതികത്വത്തിലേക്കും നയിക്കുമെന്നാണ് അവർ പറയുന്നത്. ഇംഗ്ലീഷ് പഠനവിഭാഗങ്ങളിലാണല്ലോ സംസ്കാരപഠനത്തിന്റെ ആദ്യ മാതൃകകൾ രൂപപ്പെട്ട് വന്നത്. രാഷ്ട്രീയമായി പ്രതിബദ്ധതയില്ലാത്തതും രൂപപരമായി ഭദ്രതയുള്ളതുമായ സാഹിത്യപാഠങ്ങളെ കാനോനീകരിക്കുകയും ജനപ്രിയമായവയെയെല്ലാം തള്ളിക്കളയുകയും ചെയ്ത നവവിമർശത്തിന്റെ സാഹിത്യസമീപനത്തെ വിമർശിച്ചുകൊണ്ടാണ് സംസ്കാരപഠനം രംഗപ്രവേശം ചെയ്യുന്നത്. എന്നാൽ പിന്നീട് സംസ്കാരപഠനം ജനപ്രിയകലയ്ക്കുചുറ്റും കറങ്ങുന്ന സ്ഥിതിയുണ്ടായി. സംസ്കാരപഠനം ഏകകാലിക പഠനങ്ങളാണ് നിർവഹിച്ചത്. എന്നാൽ സാംസ്കാരികവിമർശനം സംസ്കാരത്തിന്റെ ചരിത്രത്തെ പരിഗണിക്കുന്നു. അത് ബഹുകാലികമായി നിർവഹിക്കപ്പെടുന്നതാണ്. മാത്രമല്ല അന്തർവൈജ്ഞാനികമായിമാത്രമേ അതിന് പ്രവർത്തിക്കാനാകൂ.

കൂട്ടായ്മയുടെ അനന്യമായ സ്വത്വത്തെ കണ്ടെത്താൻ സഹായിക്കുന്ന വിജ്ഞാനശാഖ എന്ന അർഥത്തിലാണ് ഫോക്‌ലോർ പഠനം ഒരു ഘട്ടത്തിൽ നിർവചിക്കപ്പെട്ടത്. വേറിട്ട് നിൽക്കുന്ന സമൂഹം എന്ന

അർഥമാണ് കൂട്ടായ്മ (ഫോക്) എന്ന പദത്തിന് ഈ വിജ്ഞാനശാഖയിൽ ആദ്യംമുതൽതന്നെ കൽപ്പിക്കപ്പെട്ടിരുന്നത്. വേറിട്ട് നിൽക്കുന്ന സമൂഹത്തിന് പ്രത്യക്ഷതലത്തിൽ കാണാൻ കഴിയാത്ത അബോധമുണ്ടെന്നും ആ അബോധമാണ് അവരുടെ ലോകവീക്ഷണത്തിനാധാരമെന്നും പരികൽപ്പന ചെയ്യപ്പെട്ടു. ഈ അബോധം കണ്ടെത്താൻ സഹായിക്കുന്ന പ്രതീകക്രമമാണ് ഫോക്‌ലോർ എന്നായിരുന്നു സങ്കൽപ്പം. ഈ പ്രതീകക്രമത്തെ വിശദീകരിക്കാൻ കഴിയുന്ന തരത്തിൽ പാഠങ്ങൾ ശേഖരിക്കുക, അവയ്ക്കിടയിലെ പാഠാന്തരബന്ധങ്ങൾ കണ്ടെത്തുക, അവയിൽനിന്ന് സത്യത്തെ നിർധരിക്കുക-ഇതായിരുന്നു നിർദേശിക്കപ്പെട്ട പദ്ധതി. എന്നാൽ അമൂർത്തവും ഏകശിലാത്മകവുമായ ഒരു സ്വത്വം ഒരു സമൂഹത്തിനുമില്ല. കാലത്തിനും സന്ദർഭത്തിനുമനുസരിച്ച് പലതായി പിരിഞ്ഞും പലതുമായി കൂടിക്കുഴഞ്ഞുമാണ് കൂട്ടായ്മയുടെ സ്വത്വബോധം രൂപപ്പെടുന്നത്. അത് അനേകരൂപിയാണ്. അത് നിർമിതിയല്ല. കൂട്ടായ്മയിലെ വ്യക്തികൾ നിർമിക്കുന്നതും അവരെ നിർമിക്കുന്നതുമാണ്. അത് സമൂഹാബോധത്തിന്റെ ഭാഗം മാത്രമല്ല. പലപ്പോഴും തന്ത്രപരവും അതിനാൽത്തന്നെ അതിജീവനപരവുമാണ്.

സംസ്കാരത്തിന്റെ എഴുത്ത് എന്നതരത്തിൽ വിലയിരുത്തപ്പെട്ട എത്നോഗ്രഫി ഇക്കാലമായപ്പോഴേക്കും നരവംശശാസ്ത്രത്തിൽ വികസിച്ചുകഴിഞ്ഞിരുന്നു. ക്ലിഫോർഡ് ഗീറ്റ്സിനെപ്പോലുള്ളവരാണ് ഈ പദ്ധതി വികസിപ്പിച്ചത്. ഒരു സംസ്കാരത്തിന്റെ സങ്കീർണതകളെയും ബഹുത്വത്തെയും ആഴത്തിൽ രേഖപ്പെടുത്തുന്നതിനെ ഘനവിവരണം എന്നാണ് ഗീറ്റ്സ് വിളിക്കുന്നത് (Geertz 1973: 3-32). മാറ്റിനിർത്തപ്പെട്ടവർക്ക് ശബ്ദം നൽകുകയായിരുന്നു ഈ പഠനപദ്ധതിയുടെ ലക്ഷ്യം. എത്നോഗ്രഫിക്ക് സൗന്ദര്യശാസ്ത്രപരവും നൈതികവുമായ മാനങ്ങളുണ്ട്. എംപിരിക്കൽ വഴിയിലുള്ള ദത്തശേഖരണത്തിന് ജ്ഞാനസിദ്ധാന്തപരമായ മൂല്യംമാത്രമേ ഉള്ളൂ. ഭാഷയും സംസ്സാരവും തമ്മിലുള്ള ബന്ധം എത്നോഗ്രഫി ആഴത്തിൽ മനസ്സിലാക്കിയിട്ടുണ്ട്. ആഖ്യാതാക്കളുടെ കർത്തൃബന്ധങ്ങളിലേക്കും അത് ശ്രദ്ധ തിരിക്കുന്നു. വ്യക്തി/ സമൂഹം എന്ന കേവല വൈരുധ്യത്തെ അത് നിരാകരിക്കുന്നു. ആഖ്യാനത്തിൽനിന്ന് വിവരങ്ങൾ ശേഖരിക്കാനല്ല, ആഖ്യാതാവിന്റെ നിലയും നോട്ടവും മനസ്സിലാക്കാനാണ് അവ കൂടുതൽ പ്രയോജനപ്പെടുന്നത്. എന്നാൽ എത്നോഗ്രഫിയുടെ സാധ്യതകൾ ഫോക്‌ലോറിസ്റ്റിക്സിൽ വേണ്ടത്ര പ്രയോജനപ്പെടുത്തുകയുണ്ടായില്ല. ഫോക്‌ലോറിസ്റ്റിക്സിനെ അനന്യമായ വിഷയമായി പരിഗണിക്കാൻ ശ്രമിച്ചതോടെ അന്തർവൈജ്ഞാനികമായി വികസിച്ചുവന്ന ഇത്തരം രീതികളെ സംശയത്തോടെ നോക്കുന്ന സ്ഥിതിയുണ്ടായി. സവിശേഷവൽക്കരണത്തിന് ശ്രമിക്കുന്ന ഒരു വിഷയം അതിന്റെ ലക്ഷ്യംകൊണ്ടുമാത്രമല്ല പ്രയോഗപദ്ധതികൊണ്ടും അനന്യത പുലർത്തണം. രീതിശാസ്ത്രത്തിന്റെ കാര്യത്തിൽ ഫോക്‌ലോറിന് അതിന് സാധിച്ചില്ല.

അന്തർവൈജ്ഞാനികമായ തുറസ്സിലേക്ക് ഫോക്‌ലോർ പഠനത്തിന് വികസിക്കാൻ കഴിയാതിരുന്നതാണ് ആ വിഷയം ആഗോളതലത്തിൽ നേരിട്ട പ്രതിസന്ധിക്ക് കാരണം. മനുഷ്യർ പാർക്കുന്ന ലോകങ്ങളെ കൂട്ടായ്മ എന്ന അമൂർത്ത സംവർഗത്തിലേക്ക് പരാവർത്തനം ചെയ്യുക വഴി മനുഷ്യനാഗരികതക്ക് പിന്നിൽ ഒരതിഭൗതിക സാന്നിധ്യമെന്ന നിലയിൽ സമൂഹാബോധത്തെ കുടിയിരുത്തുകയാണ് ഫോക്‌ലോർ പഠനങ്ങൾ ചെയ്തത്. ഘടനാവാദാനന്തര ബൗദ്ധികലോകത്ത് ഇത്തരം അതിഭൗതിക സാന്നിധ്യങ്ങൾ നിലനിൽക്കുന്നില്ല. ഫോക്‌ലോർ പഠനത്തിന്റെ കാര്യത്തിൽ നേരത്തേ പറഞ്ഞ സമൂഹാബോധമാണ് മനുഷ്യരുടെ എല്ലാ പ്രവൃത്തികൾക്കും കാരണം. ഈ കാരണം കണ്ടെത്തിയാൽ കൂട്ടായ്മയെക്കുറിച്ചുള്ള സത്യം കണ്ടെത്തിയെന്ന് ഗവേഷകർക്ക് അഭിമാനിക്കാം. വാസ്തവത്തിൽ ഈ വിചാരമാതൃക ആധുനികതയുടേതുതന്നെയായിരുന്നു. ഫ്രോയ്ഡിയൻ ഭൂതാവേശത്തിൽനിന്ന് മുക്തമായ ഒരു ഭാവനയായിരുന്നില്ല അത്. കൂട്ടായ്മയെ നിയന്ത്രിക്കുന്ന സ്വത്വബോധം എന്ന പരികൽപ്പനതന്നെ ഒരു ദെറീദിയൻ അതിഭൗതികതയാണ്.

അനേകമാനങ്ങളോടുകൂടിയ ഒരു ഇടത്തിലാണ് ഓരോ സമൂഹവും അധിവസിക്കുന്നത്. അവിടെ വ്യാവർത്തനത്തിനും വിതരണത്തിനും അതിന്റേതായ തത്ത്വങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ ഇടത്തിൽ നിൽക്കുന്നത് അമൂർത്തമായ ഒരു കൂട്ടായ്മയല്ല. ഏജന്റുകളായ മനുഷ്യരാണ് (Barker, 2004: 4). ഈ മനുഷ്യർ പ്രവർത്തിക്കുന്നത് അവരുടേതായ സ്ഥാനങ്ങളിൽനിന്നാണ്. ഈ വിന്യാസത്തിനാധാരം അവർക്കിടയിൽ അസമമായി നിലനിൽക്കുന്ന അധികാരമാണ്. അധികാരത്തോടൊപ്പംതന്നെ പലതരം മൂലധനങ്ങളും ആ സാമൂഹിക ഇടത്തിലുണ്ട്. അത് ഭൗതികരൂപത്തിലോ പ്രതീകങ്ങളുടെ രൂപത്തിലോ ആകാം. ഈ മൂലധനത്തെ ഉൽപ്പാദിപ്പിക്കാനും പുനരുൽപ്പാദിപ്പിക്കാനുമാണ് സമൂഹത്തിലെ അംഗങ്ങൾ അധ്വാനിക്കുന്നത്. ഈ അധ്വാനമാണ് മിച്ചമൂല്യത്തിനാധാരം (ഭൗതികവും പ്രതീകാത്മകവുമായ മൂലധനമായി ഈ മിച്ചമൂല്യം പരിവർത്തിക്കപ്പെടുന്നു). ആയതിനാൽ ഉൽപ്പാദനമെന്ന് പറയുന്നത് ഭൗതികമായ മിച്ചമൂല്യത്തിന്റെ ഉൽപ്പാദനം മാത്രമല്ല. അത് സാംസ്കാരികമായ മിച്ചമൂല്യത്തിന്റെ ഉൽപ്പാദനം കൂടിയാണ്. ആ അർഥത്തിൽ ഫോക്‌ലോറിനെ സമഗ്രമായ ഒരുൽപ്പാദനപ്രവൃത്തിയായി കാണേണ്ടിവരും. സാമ്പത്തികമാത്രവാദത്തിലേക്ക് ന്യൂനീകരിക്കാതെയാണ് ഈ ഉൽപ്പാദനപ്രക്രിയയെ മനസ്സിലാക്കേണ്ടതെന്ന് പിയറി ബോർദ്യു പറയുന്നു (Moore, 2008: 101-118).

പലതരം മൂലധനങ്ങളുടെ അസമമായ വിതരണമാണ് വാസ്തവത്തിൽ കൂട്ടായ്മയുടെ രൂപീകരണത്തിനാധാരം. ഇതാണ് സാമൂഹിക ബന്ധങ്ങളെയും സാമൂഹികസ്ഥാപനങ്ങളെയും നിലനിർത്തുന്നത്. സമൂഹത്തിലെ ഏജന്റുകൾ എല്ലാവരും അവരവരുടെ സഹകരണത്തോടെ സമൂഹത്തെ നിർമിക്കുകയാണ് ചെയ്യുന്നത്. പ്രാതിനിധ്യത്തിലൂടെ

യാണ് ഈ നിർമിതി. തങ്ങളുടെ സ്ഥാനത്തിരുന്ന് ഏജന്റുകൾ സ്വാംശീകരിച്ച ലോകബോധത്തെയാണ് അവർ പ്രതിനിധീകരിക്കുന്നത്. ഈ സ്വാംശീകരണത്തിൽ വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാമൂഹികഘടനയിലെ സവിശേഷ സ്ഥാനങ്ങളിൽ വിന്യസിക്കപ്പെട്ട ഏജന്റുകൾ ഭാഷയിൽ-വിപുലമായ അർഥത്തിൽ സംസ്കരത്തിൽ-ലഭ്യമായ പ്രതീകങ്ങളെയാണ് ഈ പ്രതിനിധാനത്തിനായി ഉപയോഗിക്കുന്നത്. ഈ പ്രതീകങ്ങൾ കാലത്തിനനുസരിച്ച് പരിണമിക്കുന്നവയും അതുകൊണ്ടുതന്നെ അസ്ഥിരവുമാണ്. മൂന്ന് കാലങ്ങളിലായി നിലക്കൊള്ളുന്നവയാണ് ഈ പ്രതീകങ്ങൾ. അസ്ഥിരമായ പ്രതീകങ്ങളാണ് ലോകവീക്ഷണത്തിലെ ആത്മനിഷ്ഠ ഘടകം. നിലവിലെ ഫോക്‌ലോർ പഠനം ഈ ആത്മനിഷ്ഠ ഘടകത്തെ പരിഗണിക്കുന്നതേയില്ല.

ഏജൻസി എന്നത് വ്യക്തികളെയും അവരുടെ സർഗാത്മകതയെയും അംഗീകരിക്കുന്നതാണ്. അതേസമയം വ്യക്തികളെയും അവരുടെ ശേഷിയെയും രൂപപ്പെടുത്തുന്നതിൽ സാമൂഹികഘടനയ്ക്കുള്ള പങ്കിനെ അത് കുറച്ച് കാണുന്നില്ല. സാമൂഹികമായി നിർണയിക്കപ്പെട്ട സ്ഥാനങ്ങളിലിരുന്ന് പ്രവർത്തിക്കുന്ന വ്യക്തികൾ അവരുടെ കടമകൾ നിർവഹിക്കുമ്പോൾത്തന്നെ ആ കടമകളെയും തന്റെ സ്ഥാനത്തെയും കുറിച്ച് ചിന്തിക്കാനും പ്രതികരിക്കാനും ശേഷിയുള്ളവരാണ്. ഇങ്ങനെ സാമൂഹികനിർണയനങ്ങളും ആ നിർണയനങ്ങളുടെ വിമർശവും സംഗമിക്കുന്ന നിൽപ്പ് സ്ഥാനമാണ് ഏജൻസി. ഏജൻസിയുടെ ഈ ചലനാത്മകത തിരിച്ചറിയാൻ ഫോക്‌ലോറിന് കഴിഞ്ഞില്ല. ഫോക്‌ലോറിൽ വ്യക്തികളില്ല, കൂട്ടായ്മയേ ഉള്ളൂ. സംസ്കാരികവിമർശനം കൂട്ടായ്മയെക്കുറിച്ച് പഠിക്കുമ്പോൾത്തന്നെ അതിലെ ഏജൻസികളെയും അവരുടെ നിലകളെയും പരിഗണിക്കുന്നു.

സാമൂഹികതയിലേർപ്പെടുക എന്നത് വ്യക്തികളെ സംബന്ധിച്ച് ഏറെക്കുറെ ഒരു കളിയിലേർപ്പെടുന്നതുപോലെയാണ്. കളിക്കാൻ പഠിച്ചുകഴിഞ്ഞാൽ കളിയുടെ പ്രേരണ കളിക്കാരിൽ പ്രവർത്തിക്കും. അതേവിധം സാമൂഹികതയിൽ ഏർപ്പെടാൻ ആവശ്യമായ യുക്തി സ്വാംശീകരിച്ചു കഴിഞ്ഞാൽ അതിനുള്ള പ്രേരണ വ്യക്തികളിൽ പ്രവർത്തിക്കും. കളി നിയമബദ്ധമാണ്. അതേസമയം ഓരോ കളിയും വ്യത്യസ്തമാണ്. നിയമം വസ്തുനിഷ്ഠമാണെങ്കിലും വസ്തുനിഷ്ഠമായ നിയമങ്ങൾ കളിക്കാരിൽ യാന്ത്രികമായി അടിച്ചേൽപ്പിക്കുകയല്ല ചെയ്യുന്നത്. അവർ നിയമങ്ങളെ തന്ത്രപരമായി കൈകാര്യം ചെയ്യുന്നുണ്ട്. അതേവിധം സാമൂഹികജീവിതം നിയമബന്ധിയെങ്കിലും അതിലേർപ്പെടുന്ന കർത്താക്കൾ ആ നിയമങ്ങളെ തന്ത്രപരമായി കൈകാര്യം ചെയ്യുന്നു (Thomson 2008: 67-84). ഇതാണ് സാമൂഹികതയുടെ ആത്മനിഷ്ഠതലം. ഈ ആത്മനിഷ്ഠതലവും വസ്തുനിഷ്ഠതലവും സാത്മ്യം പ്രാപിക്കുമ്പോഴാണ് താൻ അറിയുന്നതുതന്നെയാണ് യാഥാർഥ്യം എന്ന പ്രതീതി വ്യക്തികൾക്കുണ്ടാകുന്നത്. ഈ പ്രതീതിയാണ് പലപ്പോഴും അനുഭവ

അനിൽ കെ.എം.



മലയാളം റിസേർച്ച് ജേണൽ
വാല്യം 15 ലക്കം 1
ജനുവരി–ഏപ്രിൽ 2022

ങ്ങളെ വിമർശനരഹിതമായി സ്വീകരിക്കാൻ വ്യക്തികളെ പ്രേരിപ്പിക്കുന്നത്. വിമർശനരഹിതമായി സ്വീകരിക്കുന്ന ഇത്തരം അനുഭവങ്ങളെയാണ് ബോർദ്യൂ ഡോക്സിക് അനുഭവങ്ങൾ എന്ന് പറയുന്നത്. വാസ്തവത്തിൽ ഫോക്‌ലോറിലെ ചില ഘടകങ്ങൾ ഡോക്സയുടെ ഭാഗമാണ്. യാഥാർഥ്യത്തെക്കുറിച്ചുള്ള ധാരണയുണ്ടാക്കുന്നതെന്തും ഡോക്സയുടെ ഭാഗമാണ്. സാംസ്കാരികമായും സാമൂഹികമായും നിർമിക്കപ്പെട്ട വീക്ഷണങ്ങൾ, പെരുമാറ്റങ്ങൾ, മൂല്യനിർണയോപാധികൾ എന്നിവയെല്ലാം ഒരു ഘട്ടം കഴിഞ്ഞാൽ ചോദ്യം ചെയ്യപ്പെടാത്തതും സ്വയം സാധൂകരിക്കുന്നതും സ്വാഭാവികവുമായിത്തീരും. അവയെയാണ് ഡോക്സ എന്ന് വിശേഷിപ്പിക്കുന്നത് (Deer 2008: 119-130). അതായത് സമൂഹത്തിന്റെ വസ്തുനിഷ്ഠഘടനയും അതിന്റെ ആന്തരവൽക്കൃതരൂപവും പരസ്പരം പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പിക്കുന്നത് ഡോക്സയാണ്. ഫോക്‌ലോറിനെ പ്രക്രിയകളായിക്കണ്ടാൽ മാത്രമേ അതിന്റെ ഡോക്സിക് ആയ തലത്തെ വിശദീകരിക്കാനാകൂ. അനുകരണാത്മകമായ പ്രതിനിധാനവും സദൃശാത്മകമായ പുനരുൽപ്പാദനവുമാണ് വസ്തുനിഷ്ഠമെന്ന് കരുതപ്പെടുന്ന യാഥാർഥ്യത്തെ സ്വാഭാവികമെന്ന തരത്തിൽ സ്വീകരിക്കാൻ വ്യക്തികളെ പ്രേരിപ്പിക്കുന്നത്. ഈ പ്രതിനിധാനവും പുനരുൽപ്പാദനവും സംഭവിക്കുന്നത് ഫോക്‌ലോറിലൂടെയാണ്. പലപ്പോഴും ഫോക്‌ലോർ എന്നത് പാഠങ്ങളായും ഉൽപ്പന്നങ്ങളായുമാണ് മനസ്സിലാക്കപ്പെട്ടിട്ടുള്ളത്. സാമൂഹികവൽക്കരണത്തിന് വ്യക്തികളെ സഹായിക്കുന്ന പ്രയോഗങ്ങളായാണ് അവയെ മനസ്സിലാക്കേണ്ടത്. അങ്ങനെയാകുമ്പോൾമാത്രമേ ഫോക്‌ലോർ എന്നത് ചലനാത്മകമാണെന്ന് നമുക്ക് ബോധ്യപ്പെടൂ. വ്യക്തികളെ ഏജന്റുകളായി കാണുന്നതിനുപകരം അമൂർത്തമായ സംഘചേതനയാൽ നയിക്കപ്പെടുന്നവരായി മനസ്സിലാക്കി എന്നതാണ് ഇന്ത്യൻ ഫോക്‌ലോർ പഠനത്തിന്റെ പ്രധാനപരിമിതി. ഈ പരിമിതി നിലനിൽക്കുന്നതുകൊണ്ടാണ് ഒരു പ്രതിരോധ വ്യവഹാരമായി ഫോക്‌ലോർ പഠനത്തിന് വികസിക്കാൻ കഴിയാതെപോയത്.

## രണ്ട്

ഇന്ത്യൻ രാഷ്ട്രീയത്തിൽ മുമ്പൊന്നുമില്ലാത്തവിധം സംസ്കാരത്തി
ന് മേൽക്കൈ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷണവും വസ്ത്രവും
ആചാരങ്ങളും അനുഷ്ഠാനങ്ങളും മതവിശ്വാസവും എല്ലാം രാഷ്ട്രീ
യമായ ചോദ്യങ്ങളായി ഉയർത്തപ്പെട്ടിരിക്കുന്നു. ഗോപൂജ, ഗോമാംസഭ
ക്ഷണം, ക്ഷേത്രപ്രവേശനം, ഐതിഹ്യങ്ങൾ, മിത്തുകൾ എന്നിങ്ങനെ
പാരമ്പര്യവുമായി ബന്ധപ്പെട്ടതെല്ലാം ഇന്ന് സാംസ്കാരികമായ അപര
ങ്ങളെ സൃഷ്ടിക്കുകയും അവരെ ഉൻമൂലനം ചെയ്യാനുള്ള യുക്തിയായി
വികസിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ സംസ്കാര

ത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും പഠിച്ച ഫോക്‌ലോറിസ്റ്റുകൾ നിശ്ശബ്ദരാകുന്നതെന്തുകൊണ്ട് എന്ന ചോദ്യം വ്യക്തികളിലേക്കല്ല, ജ്ഞാനശാസ്ത്രത്തിന്റെ പരിമിതികളിലേക്കാണ് വിരൽചൂണ്ടുന്നത്. സ്ഥലകാലബന്ധിയല്ലാതെ ഒഴുകിപ്പരക്കുന്നതാണ് ഫോക്‌ലോർ എന്ന പരികൽപ്പനയോടെ ഈ വിഷയത്തെ പരിചരിച്ചാൽ അത് വിശേഷിച്ചൊന്നും ബാക്കിവെക്കില്ല. കാരണം മനുഷ്യരുടെ പ്രയോഗങ്ങളെല്ലാം സ്ഥലത്തിന്റെയും കാലത്തിന്റെയും അക്ഷങ്ങൾക്കകത്താണ് സംഭവിക്കുന്നത്. സ്ഥല-കാലങ്ങളുടെ അക്ഷങ്ങൾക്കകത്തുവെച്ച് മനുഷ്യരുടെ പ്രവൃത്തികളെക്കുറിച്ച് പഠിക്കാൻ ശ്രമിക്കതിരുന്നതാണ് നരവംശശാസ്ത്രത്തിന്റെ പരിമിതിക്ക് ഹേതു എന്ന് വളരെ മുമ്പുതന്നെ തിരിച്ചറിഞ്ഞിരുന്നു. ഫ്രാൻസ് ബൊവാസ്, ഇ.ഇ. ഇവാൻസ് പ്രിറ്റ്ചാർഡ് എന്നിവരെല്ലാം ഈ അഭിപ്രായം രേഖപ്പെടുത്തിയവരാണ് (Dube 2018: 110-116). വ്യാഖ്യാനാത്മകവും വിശകലനാത്മകവുമായ പദ്ധതികളെ ഉൽഗ്രഥിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ഇവരെല്ലാം പറയുന്നുണ്ട്. നരവംശശാസ്ത്രവും ചരിത്രവുംതമ്മിലുള്ള അന്തർവൈജ്ഞാനിക ബന്ധം സമൂഹപഠനത്തിൽ പ്രധാനമാണെന്ന് സൗരബ് ദൂബെ സൂചിപ്പിക്കുന്നതും ഈ പശ്ചാത്തലത്തിലാണ് (Dube 2018: 125-130).

പാരമ്പര്യത്തെ കേവലഭൂതമായല്ല വർത്തമാനത്തിൽ പ്രവർത്തിക്കുന്ന ശക്തിയായാണ് വിമർശനാത്മക സംസ്കാരപഠനം കാണുന്നത്. അതേവിധം വർത്തമാനത്തിനകത്തുതന്നെയാണ് ഭാവിയും പ്രവർത്തിക്കുന്നത്. ഇക്കാര്യം റെയ്മണ്ട് വില്യംസ് സൂചിപ്പിക്കുന്നുണ്ട്. വർത്തമാനത്തിൽ പ്രവർത്തിക്കുന്ന കാലത്തിന്റെ വിവിധ അടരുകളാണ് അവശിഷ്ടം, പ്രബലം, ആവിർഭാവം എന്നിവ. അതായത് മനുഷ്യരുടെ ദൈനംദിന ചര്യകളിൽ കാലത്തിന്റെ ഈ മൂന്ന് അടരുകൾ സക്രിയമാണ്. അവയുടെ ബലതന്ത്രം മനസ്സിലാക്കാൻ നിലവിലുള്ള ഫോക്‌ലോർ പഠനത്തിന്റെ രീതിശാസ്ത്രം അപര്യാപ്തമാണ്. ചരിത്രപഠനം മനുഷ്യരുടെ ചര്യകൾക്കുമേൽ ഘടനയെ അധ്യാരോപിച്ചുകൊണ്ടാണ് ആധുനികതയുടെ സന്ദർഭത്തിൽ മുന്നേറിയത്. ധർമാത്മക നരവംശശാസ്ത്രമാകട്ടെ എതിർ ദിശയിലാണ് സഞ്ചരിച്ചത്. അവർ സമൂഹത്തിന്റെ ചര്യകളെ ഘടനക്കുമേൽ സ്ഥാപിക്കാൻ ശ്രമിച്ചു. എന്നാൽ 1960-കളോടെ ഈ ചിന്താപദ്ധതികളിൽ വലിയ മാറ്റം ഉണ്ടായി. ലോകത്ത് വളർന്നുവന്ന വംശീയവിരുദ്ധ സമരങ്ങൾ, പൗരാവകാശ പ്രക്ഷോഭങ്ങൾ എന്നിവ നരവംശശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും കാഴ്ചപ്പാടുകളിൽ വലിയ മാറ്റം വരുത്തി. നവചരിത്രവാദത്തിന്റെയും എത്നോഗ്രഫിയുടെയും വഴിയിലേക്ക് ഈ വിഷയങ്ങൾ യഥാക്രമം നീങ്ങാനാരംഭിക്കുന്നത് ഈ സന്ദർഭത്തിലാണ്. ഒരു സമൂഹത്തിലെ അംഗങ്ങളുടെ ചര്യകൾക്ക് മുമ്പൊന്നുമില്ലാത്തവിധം അക്കാദമിക ലോകത്ത് ശ്രദ്ധ നേടാൻ കഴിഞ്ഞു. ചര്യകൾ ഒരേസമയം കാലത്തിലും സ്ഥലത്തിലുമായാണ് നിർവഹിക്കപ്പെടുന്നത്. ചരിത്രപഠനവും നരവംശശാസ്ത്രവും ചര്യകളെക്കുറിച്ച് പഠിക്കാൻ ആരംഭിക്കുമ്പോഴാണ്

അന്തർവൈജ്ഞാനികമായ ഒരു വിഷയം രൂപപ്പെട്ടുവരുന്നത്. ചര്യകളെ ക്കുറിച്ചുള്ള പഠനം ചരിത്രപഠനത്തെ അതിന്റെ പ്രയോജനവാദ (teleological)പരമായ ബാധ്യതകളിൽനിന്ന് മോചിപ്പിച്ചു. അതോടെ ചരിത്രപഠനം സാമാന്യമനുഷ്യരെയും അവരുടെ സംസ്കാരത്തെയും അതിന്റെ പ്രചലിതരൂപത്തിൽ മനസ്സിലാക്കാനുള്ള പ്രാപ്തി നേടി. ചരിത്രപഠനവും നരവംശശാസ്ത്രവും അവരവരുടെ വിഷയസീമകളുടെ അതിർത്തികൾ മായിച്ചുവരയ്ക്കുകയും പൊതുവായ ചില മേഖലകൾ കണ്ടെത്തുകയും ചെയ്തതുപോലെ ഫോക്‌ലോറും ഈ വിഷയങ്ങളുമായി അതിർത്തി പങ്കിടണമായിരുന്നു. ചര്യകളെ ഭൗതികമായി മനസ്സിലാക്കുകയും അവയെ സാധ്യമാക്കുന്ന അധികാര ഘടനയുടെ രാഷ്ട്രീയാബോധത്തെ കണ്ടെടുക്കുകയുമാണ് ഫോക്‌ലോർ പഠനത്തിന്റെ സമകാലദൗത്യം. ഈ ധാരണ കൈയൊഴിഞ്ഞ ചരിത്രനിരപേക്ഷമായ ഫോക്‌ലോർ പഠനങ്ങളാണ് ഇന്ത്യയിൽ നടന്നവയിലേറെയും. അന്തർവൈജ്ഞാനികമായ സമീപനം സ്വീകരിക്കാതെ മേൽപ്പറഞ്ഞ വെല്ലുവിളികളൊന്നും ഏറ്റെടുക്കാൻ പ്രസ്തുത പഠനശാഖക്ക് കഴിയുകയില്ല.

ഇന്ത്യയിലെ ഏതൊരു ഫോക്‌ലോർ രൂപവും ജാതിഘടനക്കകത്താണ് പ്രവർത്തിക്കുന്നത്. ജാതിവ്യവസ്ഥയെ അഭിമുഖീകരിക്കാതെ നിർവഹിക്കുന്ന ഫോക്‌ലോർ പഠനങ്ങൾ ബ്രാഹ്മണിക്കൽ മൂല്യസംഹിതകളെ അക്കാദമികമായി പുനരുൽപ്പാദിപ്പിക്കാൻമാത്രമേ പര്യാപ്തമാകൂ. ഉത്തരകേരളത്തിലെ ജാതിവ്യവസ്ഥയുടെ ശ്രേണീബദ്ധതക്ക് പുറത്ത് തെയ്യത്തിന് നിലനിൽപ്പില്ല. ജാതി സാംസ്കാരിക മൂലധനമായ വിഭാഗങ്ങളും ജാതി അടിമത്തമായി മാറിയ സമൂഹങ്ങളും ഉണ്ട്. ഈ വൈരുധ്യത്തെ അധികാരഘടനയായി പരിവർത്തിപ്പിക്കുന്നതിൽ തെയ്യം വഹിക്കുന്ന പങ്കെന്താണെന്ന് പഠിക്കുമ്പോഴാണ് ഫോക്‌ലോർ പ്രതിരോധസ്വഭാവമുള്ള വിജ്ഞാനശാഖയായി മാറുന്നത്.

ഇൻഡ്യൻസമൂഹത്തിലെ ഹാബിറ്റസ് ആണ് ജാതി. ഇൻഡ്യക്കാർ സമൂഹത്തെയും ലോകത്തെയും ആന്തരവൽക്കരിച്ചിട്ടുള്ളത് ജാതിയുടെ യുക്തിയിലൂടെയാണ്. പ്രത്യേകിച്ച് ഒരു നിർദേശത്തിനും കാത്തുനിൽക്കാതെ ദിനംതോറും ആവിഷ്കരിക്കുന്നതെല്ലാം ജാതിയുടെ ചട്ടങ്ങളാണ്. ജാതി ഒരുൽപ്പാദന വ്യവസ്ഥയാണ്. ദീർഘകാലം നിലനിൽക്കുന്നതും കൈമാറ്റം ചെയ്യാവുന്നതുമായ മനോഭാവങ്ങളെ ഉൽപ്പാദിപ്പിക്കുന്നത് ജാതിവ്യവസ്ഥയാണ്. അതുകൊണ്ടാണ് അതിനെ ഹാബിറ്റസ് എന്ന് വിശേഷിപ്പിച്ചത്. ഇതും ബോർദ്യുവിന്റെ ആശയമാണ്. ഒരു സമൂഹത്തിലെ വ്യക്തികളുടെ പ്രവൃത്തികളെ സാധൂകരിക്കുന്നത് ഹാബിറ്റസ് ആണ്. നിർവാഹകനില്ലാതെതന്നെ (കണ്ടക്റ്റർ) നിർവഹിക്കപ്പെടുന്ന ഗാനമേളയെ ഓർമിപ്പിക്കുന്നതാണ് ഹാബിറ്റസ് (Malton 2008: 49-66). നിലവിലെ വ്യവസ്ഥയെ ഹാബിറ്റസ് പുനരുൽപ്പാദിപ്പിക്കുന്നു. സ്വാഭാവികവൽക്കരിക്കപ്പെട്ട ചരിത്രമാണ് ഹാബിറ്റസ്. ആയതിനാൽ ഹാബിറ്റസിനെ ചരിത്രമായി പുനർരചിക്കുന്നതെ



മലയാളം റിസേർച്ച് ജേണൽ
വാല്യം 15 ലക്കം 1
ജനുവരി-ഏപ്രിൽ 2022

ങ്ങനെ എന്ന ചോദ്യം പ്രധാനമാണ്. ജാതിവ്യവസ്ഥ ചരിത്രത്തെ ദമനം ചെയ്യുന്ന ഒരു ഹാബിറ്റസ് ആണ്. അതുകൊണ്ടാണ് ജാതി വളരെ സ്വാഭാവികമെന്ന പ്രതീതി ജനിപ്പിക്കുന്നത്. ഹാബിറ്റസ് എന്നത് രണ്ടാംപ്രകൃതിയാണെന്ന് ബോർദ്യു പറയുന്നതിന്റെ അർഥം ഇതാണ്.

കൊല്ലനുമറിഞ്ഞില്ല, കൊല്ലത്തീം അറിഞ്ഞില്ല, തിത്തൈ എന്നൊരു പൊന്നരിവാൾ എന്ന ചന്ദ്രനെക്കുറിച്ചുള്ള കടങ്കഥ ഈ രണ്ടാം പ്രകൃതിയെ ദ്യോതിപ്പിക്കുന്നുണ്ട്. കൊല്ലന്റെ അധ്വാനത്തെയും ഉൽപ്പാദനപ്രവൃത്തിയെയും ഈ കടങ്കഥ പ്രത്യുൽപ്പാദനപരമായ അധ്വാനമായി അവതരിപ്പിച്ചിരിക്കുന്നു (അനിൽ 2014: 243). ജാതി എന്ന ഹാബിറ്റസ് ഒരു രണ്ടാംപ്രകൃതിയായി പ്രവർത്തിക്കുന്നതിനാലാണ് ഇത്തരം രൂപകങ്ങൾ സാധ്യമാകുന്നത്. എല്ലാ ഫോക്‌ലോറും ഇതുതന്നെയാണ് ചെയ്യുന്നത്. വിമർശനാത്മകമായ പുനർവിചാരങ്ങൾക്ക് ഇവിടെ സ്ഥാനമില്ല. ഫോക്‌ലോറിനെ രണ്ടാംപ്രകൃതിയായ ഒരു ഹാബിറ്റസ് എന്ന നിലക്ക് പഠിക്കാൻ ആരെങ്കിലും ശ്രമിച്ചതായി അറിവില്ല. ജാതിഘടനയുടെ വിമർശമായിരിക്കണം ഇന്ത്യൻ ഫോക്‌ലോർ പഠനം. അതിനുള്ള ധീരത ഈ മേഖലയിൽ ഇനിയും രൂപപ്പെടാനിരിക്കുന്നതേയുള്ളൂ.

**മൂന്ന്**

ഇൻഡ്യൻ ഫോക്‌ലോർ പഠനം ആരംഭിക്കുന്നത് കൊളോണിയൽ കാലത്താണ്. അവരെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ സമൂഹം മുഖ്യമായും ഒരു കാർഷിക സമൂഹമാണ്. നഗരങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്കുള്ള ഒരു നോട്ടമാണ് ഇക്കാലത്തെ പണ്ഡിതർ വികസിപ്പിച്ചെടുത്തത്. ഇന്ത്യൻ ജാതിവ്യവസ്ഥയുടെ ഹിംസാത്മകമായ പ്രയോഗങ്ങളെ അവർക്ക് കണ്ടെടുക്കാൻ കഴിഞ്ഞില്ല. അവരെല്ലാത്തിനെയും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായാണ് കണ്ടത്. വാസ്തവത്തിൽ അവയെല്ലാം ഭൗതികമോ പ്രതീകാത്മകമോ ആയ ഹിംസയാണ്. അവയെ കേവലം സാമൂഹികവിനിമയ രൂപങ്ങളായി കാണാനാകില്ല. അനുഷ്ഠാനങ്ങളെ ഒരു സമൂഹത്തിന്റെ അതിഭൗതിക ചിന്തയായിമാത്രം വിലയിരുത്തിയാൽപ്പോരാ. അവയ്ക്കകത്തും ജാതിയാൽ നിർണയിക്കപ്പെട്ട സാമൂഹികബന്ധങ്ങൾ നിർണായകമായ പങ്ക് വഹിക്കുന്നുണ്ട്.

സമൂഹത്തിൽ മൗലികമായ നിരവധി പരിവർത്തനങ്ങൾ സംഭവിക്കുന്നുണ്ട്. കാർഷികസമൂഹം എന്നതിൽനിന്ന് പുതിയ മൂലധനരൂപത്തിലേക്കും അധ്വാനരൂപത്തിലേക്കും സമൂഹം വികസിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ട് ജാതി പൂർണമായും അപ്രത്യക്ഷമായിട്ടില്ല. അത് പലമട്ടിൽ വേഷപ്രച്ഛന്നമാർജിച്ച് സാമൂഹിക വ്യവഹാരങ്ങളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. സാമൂഹിക പരിണാമത്തെ ജാതിവ്യവസ്ഥ എങ്ങനെയാണ് പിടിച്ചുപറ്റുന്നതെന്ന് സൂക്ഷ്മമായി പഠിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ഫോക്‌ലോർ എങ്ങനെയാണ് സഹായിക്കു

*മലയാളം റിസേർച്ച് ജേണൽ*
വാല്യം 15 ലക്കം 1
ജനുവരി-ഏപ്രിൽ 2022

ന്നതെന്നും അന്വേഷിക്കപ്പെടണം. ശബരിമലയിലെ യുവതീപ്രവേശനത്തെപ്രതി കേരളത്തിൽ കണ്ട മുന്നേറ്റം ഇതാണ് സൂചിപ്പിക്കുന്നത്. കേരളീയ സമൂഹത്തിൽ ബ്രാഹ്മണ്യത്തിനും അതിന്റെ വ്യവസ്ഥാപിത പ്രയോഗങ്ങൾക്കും ഇപ്പോഴും മേൽക്കൈയുണ്ടെന്നാണ് ഇത് നൽകുന്ന സൂചന. മതപരിവർത്തനം, വിജാതീയവിവാഹം എന്നിവയെല്ലാം സമൂഹത്തിൽ സംഘർഷങ്ങൾക്ക് കാരണമായിത്തീരുന്നു. ഇന്ത്യയുടെ പൊതുസമൂഹത്തിലാണെങ്കിൽ ദളിതർക്കും ആദിവാസികൾക്കും സ്ത്രീകൾക്കുംനേരേ പ്രത്യക്ഷമായിത്തന്നെ ഹിംസാത്മകമായ കൈയേറ്റങ്ങൾ നടക്കുന്നു. എല്ലാറ്റിനെയും സാധൂകരിക്കുന്ന അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ബോധ്യങ്ങളും നിലനിൽക്കുന്നുണ്ട്. ജാതിസമൂഹങ്ങളിൽനിന്നുള്ള വാമൊഴിരൂപങ്ങളും അനുഷ്ഠാനങ്ങളും ശേഖരിക്കുക, അവയെ വിവരിക്കുക എന്നതാണ് ഇന്ത്യയിലെ ഫോക്‌ലോർ പഠനങ്ങൾ സാമാന്യമായി പിന്തുടരുന്ന രീതി. ചില പഠനങ്ങളാകട്ടെ കൊളോണിയൽ കാലത്ത് രൂപപ്പെട്ട സിദ്ധാന്തങ്ങളെ കേവലമായി പ്രയോഗിക്കാനുള്ള ദത്തമായി ഫോക്‌ലോറിനെ കാണുന്നു. കണ്ണകി-കോവലൻ കഥയുടെ വിപുലമായ സാംസ്കാരികസന്ദർഭത്തെ അവഗണിച്ച് ആ കഥയുടെ ലെവിസ്ട്രോസിയൻ ഘടന കണ്ടെത്താൻ ജവഹർലാൽ ഹണ്ടൂ നടത്തിയ ശ്രമം ഇത്തരം കേവലാനുകരണങ്ങളുടെ ഉദാഹരണമാണ്[1]. അതേവിധം പീറ്റർ ജെ. ക്ലോസും ഫ്രാങ്ക് ജെ. കോറവും ചേർന്ന് ഇന്ത്യയിലെ കടങ്കഥാവ്യവഹാരത്തിന്റെ പ്രകടനരൂപത്തെ പഠിക്കാൻ ശ്രമിക്കുന്നതും[2] സിദ്ധാന്തങ്ങളുടെ കേവലപ്രയോഗത്തിന് ഉദാഹരണമാണ്. അസ്പൃശ്യതയെക്കുറിച്ചുള്ള ഫോക്‌ലോർ പഠനം എന്ന നിലയിൽ അലൻ ഡണ്ടസ് നടത്തിയ 'ക്രൊ ആന്റ് സ്പാരോ' എന്ന പഠനവും[3] ഇതേവിധം സാമൂഹികയാഥാർഥ്യത്തെ വിശദീകരിക്കാൻ കഴിയാത്ത പഠനമാണ്. ജാതിഘടന, സാമ്പത്തിക ഘടന, ഭാഷ, പാരമ്പര്യവിനിമയവ്യവസ്ഥ എന്നിങ്ങനെ പല ഘടകങ്ങളുടെ സമഗ്രതയിൽ ഒരു സമൂഹത്തെ സ്ഥാനപ്പെടുത്തി ആഴത്തിൽ അപഗ്രഥിക്കുന്ന പഠനങ്ങളാണ് ഉണ്ടാകേണ്ടത്. സിദ്ധാന്തങ്ങളെ ദത്തങ്ങൾക്കുപുറത്ത് കേവലമായി പ്രയോഗിച്ചുകൊണ്ട് ഇത്തരം പഠനങ്ങൾ നിർവഹിക്കാനാകില്ല. എന്നാൽ സിദ്ധാന്തങ്ങളെ തീർത്തും പുറത്തുനിർത്തിയും ഇത്തരം പഠനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാനാകില്ല. വിവിധസമീപനങ്ങൾ സംഗമിക്കുന്ന താക്കോൽവാക്കുകളെ സന്ദർഭാനുസരണം പ്രയോജനപ്പെടുത്തിയുള്ള സംസ്കാരപഠനത്തിന്റെ രീതിയാണ് സമൂഹപഠനത്തിൽ അഭികാമ്യം.

ആഘാതപഠനം (trauma studies) എന്ന രീതിയിലാണ് തെയ്യത്തെക്കുറിച്ച് വാസ്തവത്തിൽ പഠിക്കേണ്ടത്. മാനസികാഘാതങ്ങളും അവയുടെ ഓർമകളും എങ്ങനെയാണ് വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വത്വത്തെ നിർണയിക്കുന്നതിൽ പ്രധാനമായിത്തീരുന്നത് എന്നാണ് ആഘാതപഠനം വിശദീകരിക്കാൻ ശ്രമിക്കുന്നത്. മനശ്ശാസ്ത്രം, ഘടനാവാദാനന്തര ചിന്തകൾ, കോളനിയനന്തര സിദ്ധാന്തങ്ങൾ

എന്നിവയുടെയെല്ലാം അന്തർപാഠപരതയിലൂടെമാത്രമേ ആഘാതപഠനം നിർവഹിക്കാനാകൂ. ആഘാതപഠനങ്ങളിൽ വാമൊഴി-വരമൊഴി പാഠങ്ങൾ പരസ്പരം സന്നിവേശിക്കുന്നത് കാണാം. നിലവിലുള്ള ഫോക്‌ലോർ പഠനങ്ങൾ വരമൊഴിയെ പുറത്തുനിർത്തിയാണ് വിശകലനം നിർവഹിക്കുന്നത്. എന്നാൽ സമകാല സമൂഹത്തിലെ പല ആഖ്യാനങ്ങളുടെയും അടിത്തറ വാമൊഴിയാണ്. വാമൊഴിയെ ശിഷ്ട സംസ്കൃതിയുടെ ഭാഗമായി കണക്കാക്കുന്ന ഫോക്‌ലോർ പഠനങ്ങളാണ് വരമൊഴിയെ മാറ്റി നിർത്തി പഠനം നിർവഹിക്കുന്നത്. വാസ്തവത്തിൽ അവ വർത്തമാന സമൂഹത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. സ്വത്വനിർമാണ പ്രക്രിയയുടെ ഭാഗമാണ് വരമൊഴി പാഠങ്ങൾ. വരമൊഴിപാഠങ്ങൾക്ക് ഒരു കർത്താവുണ്ട് എന്നത് ശരിയാണെങ്കിലും അവ പലനിലക്കും സമൂഹാബോധവുമായാണ് ഇടപെടുന്നത്.

തെയ്യക്കഥകളെല്ലാം ജാതിഹത്യകളുടെ സ്മരണകളാണ്. ഏതോ നൂറ്റാണ്ടിൽ ഒരു ജനതയുടെ ആത്മബോധത്തെയും സ്വത്വബോധത്തെയും മുറിപ്പെടുത്തിയ സംഭവങ്ങളുടെ ഓർമകളാണവ. അനുഷ്ഠാനങ്ങളുടെയും വിശ്വാസങ്ങളുടെയും പലതരം അടരുകൾ ആ ഓർമകൾക്കുമേൽ പ്രതീകാത്മകമായ ആവരണങ്ങൾ തീർത്തിട്ടുണ്ട്. ഈ പ്രതീകാത്മകതയെ വിശകലനം ചെയ്ത് തെയ്യത്തിന്റെ പാഠങ്ങളുടെ രാഷ്ട്രീയാബോധത്തെ വെളിപ്പെടുത്തുകയാണ് വേണ്ടത്. അന്തർവൈജ്ഞാനികവും അന്തർപാഠപരവുമായ സാംസ്കാരപഠനങ്ങൾക്കുമാത്രമേ രാഷ്ട്രീയാബോധത്തെ കണ്ടെത്താനാകൂ. ജാതിഘടന സൃഷ്ടിച്ച ആഘാതങ്ങളെ തെയ്യക്കഥകളിൽനിന്ന് കണ്ടെത്താൻ ശ്രമിച്ച സർഗരചനകളെ ഈ പഠനത്തിൽനിന്ന് മാറ്റി നിർത്താൻ കഴിയില്ല. ഒരു സാമൂഹികയാഥാർഥ്യത്തെ തെയ്യമാക്കി പരിവർത്തിപ്പിച്ചത് സൗന്ദര്യബോധമാണ്. ആധുനിക കാലത്തും സൗന്ദര്യബോധം അതേ സാമൂഹികയാഥാർഥ്യത്തെ വ്യത്യസ്തമായ രീതിയിൽ പുനരാവിഷ്കരിക്കുന്നു. ആയതിനാൽ തെയ്യവും അതിനെ ആധാരമാക്കിയുള്ള സമകാല സർഗരചനകളും തമ്മിൽ വംശാവലീബന്ധം നിലനിൽക്കുന്നുണ്ട്. അതിനാൽ വാമൊഴിയെയോ വരമൊഴിയെയോ പുറത്തുനിർത്തി സംസ്കാരപഠനം നിർവഹിക്കുക എളുപ്പമല്ല.

സംസ്കാരപഠനത്തിൽ പഠിതാവിന്റെ കർത്തൃനില നിർണായകമാണ്. ഫോക്‌ലോർ ഇപ്പോഴും പിന്തുടരുന്ന രീതി കൊളോണിയൽ കാലത്ത് വികസിപ്പിക്കപ്പെട്ട അകം/പുറം നിലകളുടേതാണ്. ഫോക്‌ലോറിസ്റ്റുകൾ ഒരു സമൂഹത്തെക്കുറിച്ച് പഠിക്കുമ്പോൾ അപരദൃഷ്ടിയുടെ സാന്നിധ്യം അതിൽ ഇപ്പോഴും വീണുകിടക്കുന്നുണ്ട്. അതിനെ മറികടക്കാൻ കഴിയുന്ന എത്‌നോഗ്രഫിക് രീതി വികസിപ്പിച്ചെടുക്കാൻ ഫോക്‌ലോർ പഠനത്തിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. സംസ്കാരപഠനത്തിൽ അനുഭവങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അഥവാ അനുഭവങ്ങളാണ് സംസ്കാരപഠനത്തിലെ പ്രഥമാകരം. വ്യക്തികളുടെ കർത്തൃത്വത്തെ അംഗീകരിക്കുന്ന ഒരു പഠനശാഖയ്ക്കുമാത്രമേ

*മലയാളം റിസേർച്ച് ജേണൽ*
വാല്യം 15 ലക്കം 1
ജനുവരി-ഏപ്രിൽ 2022

അനുഭവങ്ങളെ പ്രഥമമായി പരിഗണിക്കാനാകൂ. ഫോക്‌ലോർ പഠനങ്ങൾ ആത്മനിഷ്ഠതയെയോ വ്യക്തികളുടെ കർത്തൃത്വത്തെയോ പരിഗണിക്കാത്തതുകൊണ്ട് എല്ലാ അനുഭവങ്ങളെയും സ്വീകരിക്കാനാകില്ല. അതുകൊണ്ട് ആവേദകരെ സക്രിയ ആവേദകർ, നിഷ്ക്രിയ ആവേദകർ എന്ന് രണ്ടായി തിരിക്കേണ്ടിവരുന്നു. ഏതൊരു ഫോക്‌ലോറും അതിന്റെ ഭൗതികരൂപത്തിൽമാത്രമല്ല നിലനിൽക്കുന്നത്. അതിന്റെ ഭാവനാരൂപങ്ങളും അനുഭവങ്ങളുടെ സീമയിൽ വരുന്നതാണ്. അതായത് ഒരു ഫോക്‌ലോറിന് പല അടരുകളിലായുള്ള ചരിത്രജീവിതമുണ്ട്. ഈ ചരിത്രജീവിതത്തിന്റെ സമഗ്രതയെ വിശദീകരിക്കാൻ കഴിയുന്ന അന്തർവൈജ്ഞാനികവും അന്തർപാഠപരവുമായ ജ്ഞാനപദ്ധതി എന്ന നിലയിലാണ് സംസ്കാരപഠനം പ്രസക്തമാകുന്നത്. സാംസ്കാരിക പ്രക്രിയയും അധികാരവുംതമ്മിലുള്ള ബന്ധത്തെ വിശദീകരിക്കാൻ കഴിയുന്ന ഒരു വൈജ്ഞാനികപദ്ധതി എന്ന നിലയ്ക്കാണ് സംസ്കാര പഠനം ശ്രദ്ധേയമാകുന്നത്. ഫോക്‌ലോർ പഠനം ഈ അർഥത്തിൽ സംസ്കാരത്തിലെ അധികാരക്രമത്തെക്കുറിച്ചുള്ള പഠനമായി മാറേണ്ടതുണ്ട്. കൂട്ടായ്മയെ അനന്യമായി പരിഗണിച്ചുകൊണ്ട് ഇത് സാധ്യമല്ല. കൂട്ടായ്മയെ പരസ്പരബന്ധിതവും ശ്രേണീകൃതവുമായി പരിഗണിച്ചുകൊണ്ടുമാത്രമേ ഇത് സാധ്യമാകൂ.

കൂട്ടായ്മകൾ അവയുടെ അതിർത്തികൾ മുറിച്ചുകടക്കാൻ ശേഷിയുള്ള ചില പാരമ്പര്യരൂപങ്ങളെ അന്തർവഹിക്കുന്നുണ്ട്. ഉത്തരേന്ത്യയിലെ കബീർ പാരമ്പര്യം ഇതിന് ദൃഷ്ടാന്തമാണ്. രാമായണാദി ഇതിഹാസങ്ങൾക്കുമുണ്ട് ബഹുസ്വരമായ അസ്തിത്വം. ബൗദ്ധപാരമ്പര്യംപോലുള്ള പാരമ്പര്യങ്ങളെ ബ്രാഹ്മണ്യം പിടിച്ചുപറ്റിയതിന്റെ സ്മൃതികളും കണ്ടെടുക്കാനാകും. മധ്യകാല ഭക്തിപ്രസ്ഥാനവും ഇന്ത്യയിലെ ജനകീയ സമരങ്ങളും ആധുനിക രാഷ്ട്രീയ പ്രസ്ഥാനങ്ങളും സമൂഹത്തിലുണ്ടാക്കിയ പ്രതിരോധത്തിന്റെ ഓർമകൾ ആഖ്യാനപാഠങ്ങളായി ലഭ്യമാണ്. ഇവയെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഇന്ത്യൻ വർണാശ്രമവ്യവസ്ഥയുമായി മുഖാമുഖം നിന്നിട്ടുണ്ട്. കൂട്ടായ്മകളുടെ അതിർത്തി ലംഘിച്ചുകൊണ്ടാണ് ഈ സാംസ്കാരിക ചലനങ്ങൾ സംഭവിച്ചിട്ടുള്ളത്. എതിരിടുന്ന പാഠങ്ങളെ കണ്ടെത്തുമ്പോഴേ ഒരു സാമൂഹികഘടനയിൽ നിയമങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തികൾ എങ്ങനെയാണ് അവയെ തന്ത്രപരമായി കൈകാര്യം ചെയ്യുന്നതെന്നും കണ്ടെത്താൻ കഴിയൂ. വർണാശ്രമ വ്യവസ്ഥ നിയമമാണെങ്കിൽ അതിനകത്ത് ജീവിക്കുന്ന മനുഷ്യർ അവരുടെ കർത്തൃസ്ഥാനത്തിനനുസരിച്ച് ഈ നിയമങ്ങളെ തന്ത്രപരമായി കൈകാര്യം ചെയ്താണ് ഇന്ത്യൻ സമൂഹം ഇതുവരെയും അതിജീവിച്ചത്. സാമൂഹികപ്രയോഗത്തിന്റെ ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ തലങ്ങളുടെ ഏറ്റുമുട്ടലിനെ വിശദീകരിക്കാൻ കഴിയാത്തതുകൊണ്ട് ഇന്ത്യൻ ഫോക്‌ലോർ പഠനം ഏറെക്കുറെ മ്യൂസിയം പഠനങ്ങളായി ചുരുങ്ങിപ്പോയി.

ഫോക്‌ലോർ പഠനത്തിന്റെ പ്രധാനപ്രമേയം പാരമ്പര്യ ജീവിതമാണല്ലോ. പാരമ്പര്യത്തെ അതിന്റെ പ്രചലിതരൂപത്തിലാണ് മനസ്സിലാക്കേണ്ടതെന്ന് നേരത്തേ സൂചിപ്പിച്ചു. ഇന്ത്യപോലുള്ള സമൂഹത്തിൽ പാരമ്പര്യം എന്നത് അവശിഷ്ടരൂപമല്ല. അത് പല സന്ദർഭങ്ങളിലും പ്രബലരൂപംതന്നെയാണ്. പാരമ്പര്യരൂപങ്ങളുടെ അർഥം അനുദിനം മാറിവരുന്നുണ്ട്. ആയതിനാൽ ഫോക്‌ലോറിനെ അതിന്റെ വർത്തമാനത്തിൽ സ്ഥാനപ്പെടുത്തിയാണ് പഠിക്കേണ്ടത്. പാരമ്പര്യത്തെ പുതിയ കാലത്തിലേക്ക് അനുകൽപ്പനം ചെയ്യുന്നത് അതത് സന്ദർഭത്തിലെ രാഷ്ട്രീയ സമ്പദ് വ്യവസ്ഥയാണ്. ഈ രാഷ്ട്രീയ സമ്പദ് വ്യവസ്ഥ ഫോക്‌ലോറുമായുണ്ടാക്കുന്ന ബന്ധം വൈരുധ്യാത്മകമായിരിക്കും. ഇക്കാര്യം മനസ്സിലാക്കിയാണ് അന്തോണിയോ ഗ്രാംഷി ഫോക്‌ലോറിനെ ഫോക്‌ലോർ പഠനത്തിലൂടെ ഇല്ലാതാക്കുകയാണ് വേണ്ടത് എന്ന് പറഞ്ഞത് (Gencarella, 2010: 260). ഗ്രാംഷിയുടെ സങ്കൽപ്പത്തിൽ ഫോക്‌ലോർ എന്നത് ശിഷ്ടസംസ്കൃതിയാണ്. എന്നാൽ ഇന്ത്യപോലുള്ള അർധ ഫ്യൂഡൽ-അർധ മുതലാളിത്ത സമൂഹത്തിൽ ഫോക്‌ലോർ പ്രബലസംസ്കൃതിതന്നെയാണ്. ഫോക്‌ലോറിനെക്കുറിച്ച് പഠിച്ചതുകൊണ്ട് അവയെ തകർക്കാനാകില്ല. കാരണം അത് ഭൂതകാലത്തിൽ ധർമം അവസാനിപ്പിച്ച വ്യവഹാരരൂപമല്ല. അവ പുതുരൂപത്തിലും പുതിയ ഉള്ളടക്കത്തിലും ഇപ്പോഴും സമൂഹത്തെ നിയന്ത്രിക്കുകയും വരാനിരിക്കുന്ന സമൂഹരൂപങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു. ആയതിനാൽ സമൂഹത്തിൽ നടക്കുന്ന പ്രതിരോധാത്മകമായ രാഷ്ട്രീയ മുന്നേറ്റങ്ങളുമായി കണ്ണി ചേർന്നുകൊണ്ടുമാത്രമേ ഫോക്‌ലോർ പഠനത്തിന് മുന്നേറാനാകുക. അതിനായി അത് അന്തർവൈജ്ഞാനികമായ സമീപനങ്ങൾ വികസിപ്പിക്കുകയും സാംസ്കാരിക വിമർശനത്തിലേക്ക് ഉയരുകയും ചെയ്യേണ്ടതുണ്ട്.

## കുറിപ്പുകൾ

1. ലെവിസ്ട്രോസിന്റെ ഘടനാപഗ്രഥനം പരിചയപ്പെടുത്തുന്ന ഒരു പ്രബന്ധത്തിൽ കണ്ണകിയുടെയും കോവലന്റെയും കഥയാണ് ഡോ. ജവഹർലാൽ ഹണ്ടൂ മാതൃകയായി സ്വീകരിച്ചിട്ടുള്ളത്. ലെവിസ്ട്രോസ് തന്റെ അപഗ്രഥനത്തിൽ പുലർത്തുന്ന സൂക്ഷ്മതയോ ജാഗ്രതയോ ഹണ്ടൂവിന്റെ പ്രബന്ധം സൂക്ഷിക്കുന്നില്ലെന്നുമാത്രമല്ല, തീർത്തും സാമാന്യമായ ചില നിഗമനങ്ങളിലാണ് വിശകലനം എത്തിച്ചേർന്നിട്ടുള്ളത് (ജവഹർലാൽ ഹണ്ടൂവിന്റെ "Current Trends in Folklore", 1978 എന്ന ലേഖനം കാണുക).

2. പെർഫോമൻസ് തിയറിയെ പരിചയപ്പെടുത്തുന്ന സന്ദർഭത്തിൽ ദൃഷ്ടാന്തമെന്നോണമാണ് കടങ്കഥാകേളിയുടെ സന്ദർഭം വിശകലനം ചെയ്യുന്നത്. തീർത്തും അന്തർവൈജ്ഞാനികമായ ഒന്നാണ് പെർഫോ

മലയാളം റിസേർച്ച് ജേണൽ
വാല്യം 15 ലക്കം 1
ജനുവരി-ഏപ്രിൽ 2022

മൻസ് തിയറി. പ്രാതിഭാസികവിജ്ഞാനത്തിന്റെയും വ്യവഹാരപഠന ങ്ങളുടെയും സമ്പ്രദായങ്ങൾ ഇവയിൽ ധാരാളമായി കടന്നുവരുന്നു ണ്ട്. സമകാലത്ത് ഏറെ രാഷ്ട്രീയമൂല്യമുള്ള ഒന്നായാണ് ഈ സമീ പനം വിലയിരുത്തപ്പെട്ടത്. എന്നാൽ പ്രസ്തുത സിദ്ധാന്തത്തെ സന്ദർ ഭത്തിന്റെ സാങ്കേതിക സവിശേഷതകളുടെ വിവരണമായി ചുരുക്കുക യാണ് ഫ്രാങ്ക് ജെ. കോറവും പീറ്റർ ജെ. ക്ലോസും ചെയ്യുന്നത്. (ക്ലോസും ജെ. പീറ്ററും ഫ്രാങ്ക് ജെ. കോറവും ചേർന്നെഴുതിയ *Folkloristics and Indian Folklore*,'1991 എന്ന പുസ്തകത്തിലെ "Performance Theory" ലേഖനം കാണുക).

3. അലൻ ഡണ്ടസിന്റെ *Two Tales of crow and sparrow: A Freudian Folkloristic Essay on Caste and Untouchability* എന്ന പുസ്തകം കാണുക. ഫ്രോയിഡിന്റെ മനോവിശകലന സിദ്ധാന്തമുപ യോഗിച്ച് ഇൻഡ്യൻ ജാതിവ്യവസ്ഥയെ വിശദീകരിക്കാൻ നടത്തുന്ന ഒരു ശ്രമമാണിത്. ലൂയി ഡുമോണ്ടിന്റെ ഘടനാവാദപരമായ ജാതിവി ശകലനത്തെ പിന്തുടർന്നുകൊണ്ടാണ് ഡണ്ടസ് ഈ പഠനം നിർവഹി ക്കുന്നത്. ഒറ്റവാചകത്തിൽ പറഞ്ഞാൽ ജാതി, അസ്പൃശ്യത, ശുചിപ രിശീലനം (Toilet training) എന്നിവതമ്മിലുള്ള ബന്ധം അന്വേഷിക്കു കയാണ് ഡണ്ടസ് ചെയ്യുന്നത്. പുരീഷഭീതി (fear of foeces) ആണത്രേ ഇൻഡ്യൻ ജാതിവ്യവസ്ഥയുടെ കാതൽ. സങ്കീർണമായ ഒരു സാമൂ ഹികഘടനയെ എത്രമാത്രം ലളിതവൽക്കരിച്ചും ന്യൂനീകരിച്ചും അവ തരിപ്പിക്കാം എന്നതിന്റെ ദൃഷ്ടാന്തമാണ് ഈ പഠനം.

4. സാമൂഹികമായ ദുരന്തങ്ങൾ വ്യക്തികളിൽ സവിശേഷമായും സമൂഹാബോധത്തിൽ സാമാന്യമായും സൃഷ്ടിക്കുന്ന മുറിവുകളെക്കു റിച്ചുള്ള പഠനമാണ് ആഘാതപഠനം. യൂറോപ്പിൽ ഹോളോകോസ്റ്റ് സൃഷ്ടിച്ച മുറിവുകളെപ്പറ്റിയുള്ള പഠനം എന്ന നിലയ്ക്കാണ് ആഘാ ത പഠനം ആരംഭിച്ചത്. എന്നാൽ ഇന്ത്യൻ ജാതിവ്യവസ്ഥ ദളിത് സമൂ ഹത്തിനുമേൽ അനുദിനം സൃഷ്ടിക്കുന്ന ആഘാതങ്ങൾക്ക് സഹസ്രാ ബ്ദങ്ങളുടെ ചരിത്രമുണ്ട്. അവയെക്കുറിച്ചുള്ള ആഴത്തിലുള്ള അപ ഗ്രഥനങ്ങൾ നടന്നിട്ടില്ല.

## ഗ്രന്ഥസൂചി

അനിൽ, കെ.എം., 2014 *കടങ്കഥ സൗന്ദര്യവും സംസ്കാരവും*, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പയ്യനാട്, രാഘവൻ, 1992 *ഫോക്‌ലോർ*, കരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

................................, 1998 *ഫോക്‌ലോറിനൊരു പഠനപദ്ധതി*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

................................, 1999 *ഫോക്‌ലോർ: സങ്കൽപനങ്ങളും സങ്കേതങ്ങളും*, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, പയ്യന്നൂർ.

.................................., 2003 *നേരിന്റെ മൊഴി*, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, പയ്യന്നൂർ.

Belsy, Catherine., 2003 "From cultural Studies to cultural criticism", *Interrogating Cultural Studies: Theory, Politics and Practice*, Edi. Paul Bowman, Pluto Press, London.

Berker, Chris, 2004 *Sage Dictionary of Cultural Studies*, Sage Publications, London.

Berker, Chris., etal, 2016 *Cultural Studies: Theory and practice*, Sage Publications, New Delhi.

Claus, Peter J., and Frank J. Korom., 1991 *Folkloristics and Indian Folklore*, Regional Resource Centre for Folk Performing Arts, Udupi.

Deer, Cecile., 2008 "Doxa", *Pierre Bourdieu: Key Concepts*, Edi. Micheal Grenfell, Acumen publishing Limited, Stocksfield.

Dube, Saurabh., 2018 *Subjects of Modernity*, Primus Books, Delhi.

Dundes, Alan., 1998 *Two Tales of Crow and Sparrow: A Freudian Folkloristic Essay on Caste and Untouchability*, Rowman & litterfield publishers, Lanham.

During, Simon., 2013 *The Cultural Studies Reader*, Routledge, New York.

Eagleton, Terry., 2016 *Culture*, Yale UP, London.

Geertz, Cliford., 1973 *The Interpretation of Cultures*, Basic Books, Newyork.

Gencarella, Stephen Ofbrys., 2010 'Gramsci, Good Sense and Critical Folklore Studies: A Critical Reintroduction', 'Journal of Folklore Research', Vol. 47, No. 3. pp: 259-264

Hall, Gary., et al. (ed.), 2009 *New Cultural Studies: Adventures in Theory*, Orient Black Swan, Hyderabad.

Handoo, Jawaharlal., 1978 *Current Trends in Folklore*, Mysore Institute of Kannada Studies, Mysore.

Johnson, Richard., et al, 2004 *The Practice of Cultural Studies*, Sage Publications, New Delhi.

Maton, Karl., 2008 "Habitus", *Pierre Bourdieu: Key Concepts*, Edi. Micheal Grenfell, Acumen publishing Limited, Stocksfield.

Milner, Andrew & Jeff Browitt, 2018 *Contemporary Cultural Theory*, Rawat Publications, Jaipur.

Moore, Robert., 2008 "Capital", *Pierre Bourdieu: Key Concepts*,

Edi. Micheal Grenfell, Acumen publishing Limited, Stocksfield.
Thomson, Paticia., 2008 "Field", *Pierre Bourdieu: Key Concepts*, Edi. Micheal Grenfell, Acumen publishing Limited, Stocksfield.



മലയാളം റിസേർച്ച് ജേണൽ
വാല്യം 15 ലക്കം 1
ജനുവരി-ഏപ്രിൽ 2022

## Statement about ownership and other particulars about Newspaper
## Form IV
## Malayalam Research Journal
## (See Rule 8 of the Registration of Newspapers (Central ) Rules, 1956)

| | | |
|---|---|---|
| 1. Place of Publication | : | Kottayam |
| 2. Periodicity of its publication | : | Tri-partitive |
| 3. Language | : | Malayalam & English |
| 4. Printer's Name | : | Dr. Babu Cherian |
| Nationality | : | Indian |
| Address | : | Pathinanchil Bldngs., Manganam P.O., Kottayam-18 |
| 5. Publisher's Name | : | Dr. Babu Cherian |
| Nationality | : | Indian |
| Address | : | Pathinanchil Bldngs., |
| | : | Manganam P.O., Kottayam-18 |
| 6. Editor's Name | : | Dr. Babu Cherian |
| Nationality | : | Indian |
| Address | : | Pathinanchil Bldngs., |
| | : | Manganam P.O., Kottayam-18 |
| 7. Name and Address of Individuals own the Newspaper | : | Dr. Babu Cherian |
| | : | Pathinanchil Bldngs., |
| | : | Manganam P.O., Kottayam-18 |

I, Dr. Babu Cherian, hereby declare that the particulars given above are true to the best of my knowledge and belief.

Kottayam,
14-03-2022.

**Dr. Babu Cherian**
Publisher